ശതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): സർ, സഹകാര്യമേഖലയിലെ ബസ്സുകൾക്ക് താൽക്കാലിക പെർമിറ്റുകൾ നൽകുന്നതിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് ഈ മേഖലയിലെ അനാരോഗ്യകരമായ മൽസരവും തൽഫലമായി ഉണ്ടാകുന്ന അപകടങ്ങളും ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സഹായകരമാകുമെന്ന് ഗവൺമെൻറിന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ്. അതിൻ പ്രകാരം 26-8-85-ൽ ഒരു താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ബസ് സർവ്വീസുകൾ ആവശ്യമാണെന്ന് ബോദ്ധ്യമാകുന്ന റൂട്ടുകളിൽ പുതിയ പെർമിറ്റുകൾ കൊടുക്കാൻ ഇപ്പോഴും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത്യാവശ്യമുള്ള പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്നതിന് ആർ. ടി. ഒ. ക്ക് തന്നെ നിർദ്ദേശം കൊടുത്തുകഴിഞ്ഞിരിക്കുകയാണ്. പുതിയതായി സർവ്വീസ് ഏർപ്പെടുത്തേണ്ട റൂട്ടുകൾ 10 കിലോമീറ്ററിൽ കൂടുതലുണ്ടെങ്കിൽ പുതിയ സർവ്വീസ് അനുവദിക്കാവുന്നതാണെന്ന നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

(23) ശാന്തിവിള ഗവൺമെൻറ് ആശുപത്രിയുടെ ശോചനീയാവസ്ഥയെ സംബന്ധിച്ച്

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധക്കുവേണ്ടിയാണ് ഞാൻ പറയുന്നത്. നേമം നിയോജകമണ്ഡലത്തിലെ നേമം പഞ്ചായത്തിലെ ശാന്തിവിള സർക്കാരാശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റില്ല. ആ ആശുപത്രിയിലെ വാർഡുകളിൽ രാത്രിയിൽ വെളിച്ചം കിട്ടുന്നതിന് ബൾബുകളില്ല. ആശുപത്രി പരിസരം വൃത്തിയാക്കുന്നതിന് സ്വീപ്പർമാരില്ല. അവിടത്തെ ലാട്രിൻ പൊട്ടി ഒലിക്കുകയാണ്. ഈ കാര്യങ്ങളിലൊക്കെ ഗവൺമെൻറിൻറെ അടിയന്തിരമായ ശ്രദ്ധ ക്ഷണിക്കുകയാണ്. അതിന് എത്രയും വേഗം പരിഹാരമുണ്ടാക്കണമെന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): അന്വേഷണത്തിൽ അവിടെ വാർഡുകളിൽ ബൾബുകളുണ്ടെന്നാണ് മനസ്സിലായത്. വേറെ കുഴപ്പമൊന്നുമില്ല. ഇനി ബൾബ് ആരെങ്കിലും മനഃപൂർവ്വം തല്ലിപ്പൊട്ടിക്കുകയാണോയെന്ന് അറിഞ്ഞുകൂടാ. ഏതായാലും ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിനുള്ള നടപടി ഉടനെ സ്വീകരിക്കുന്നതാണ്.

(24) ഇരിക്കൂർ മണ്ഡലത്തിലെ ഹിൽവേ റോഡുകളുടെ അനാഥാവസ്ഥയെക്കുറിച്ച്

ശ്രീ. കെ. സി. ജോസഫ്: സർ, ഹിൽവേ റോഡ് എന്ന പേരിൽ ആരംഭിച്ച പദ്ധതി ഇന്ന് വളരെ അനാഥാവസ്ഥയിലാണ്. എൻറെ നിയോജകമണ്ഡലത്തിൽ മൂന്നു ഹിൽവേ റോഡുകളും ഉണ്ട്. ആ പദ്ധതിക്കുവേണ്ടി ഇപ്പോൾ ബഡ്ജറ്റിൽ പണമില്ല. മാട്ടിര—കാലങ്കി റോഡ് എന്ന പ്രധാനപ്പെട്ട റോഡ് ഉൾപ്പെടെയുള്ള നിരവധി റോഡുകളും ഈ മണ്ഡലത്തിലുണ്ട്. പക്ഷേ ആ ഹിൽവേറോഡ് one time സ്കീമായതുകൊണ്ട് ഇപ്പോൾ റിപ്പയർ വർക്കുകളൊന്നും നടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

പതിമൂന്നുലക്ഷം രൂപ മുടക്കി നടപ്പിലാക്കിയ മാട്ടിറ-കാലങ്കി റോഡ് മൂന്നുലക്ഷം രൂപ മുടക്കി ടാർ ചെയ്യാത്തതുമൂലം യാത്ര ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. ഹിൽവേ റോഡിന്റെ കാര്യത്തിൽ ഗവൺമെന്റിന്റെ കാര്യമായ പരിഗണനയുണ്ടാകണം.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, 1980 ലാണ് ഹിൽവേറോഡ് സ്കീമിന് ഗവൺമെന്റ് അനുമതി നൽകിയത്. പഞ്ചായത്തുറോഡുകൾ മെച്ചപ്പെടുത്തുകയെന്നുള്ളതാണ് ഈ പദ്ധതിയിൽ ഉള്ളത്. ഗവൺമെന്റ് പഞ്ചായത്തുറോഡുകൾ ഏറെറടുക്കുതെതന്നെ ഹിൽവേറോഡുകൾ മെച്ചപ്പെടുത്തുകയാണ് ചെയ്യുന്നത്. അന്ന് 78 റോഡുകളാണ് ഗവൺമെന്റ് ഈ പദ്ധതി പ്രകാരം ഏറെറടുത്തത്. അതിനുവേണ്ടി മൂന്നു കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. നിർഭാഗ്യവശാൽ, ആ റോഡിന്റെ മിക്കവാറുമുള്ള പണികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പിന്നീട് ഒരു കോടി രൂപയും രണ്ടുകോടി രൂപയുമൊക്കെ ഉൾപ്പെടുത്തിയെങ്കിലും ആ 78 റോഡുകളുടെയും പണി പൂർത്തിയായിട്ടില്ല. ഭാഗികമായിട്ടേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളു. പിന്നീട് ആ സ്കീം തന്നെ ഇല്ലാതെയായി. പുതിയതായി ആ സ്കീം വഴി റോഡുകളുടെ പണി എടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മാട്ടിറ–കാലങ്കി റോഡും ഇതിൽ ഉൾപ്പെടുന്നു. അതിൽപെട്ട പണികളെല്ലാം പൂർത്തിയാക്കീട്ടുണ്ട്. ടാറിങ് അതിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. രണ്ടാമത് ടാറിങ്ങും ഒരു ക്രോസ്വേയും വേണമെന്നുള്ള ആവശ്യമുണ്ടായി. അതിന് 18 ലക്ഷത്തിലധികം വരുന്ന ഒരു എസ്റ്റിമേറ് തയ്യാറാക്കിയിട്ടുണ്ട്. അൻപതിനായിരം രൂപ ഇതിനുവേണ്ടി ബഡ്ജറ്റിലുണ്ടെങ്കിലും പണി ഏറെറടുക്കാൻ സാധിച്ചിട്ടില്ല. കഴിയുന്നതും വേഗം ഏറെറടുക്കാനുള്ള നടപടികളെടുക്കുന്നതാണ്.

(25) കട്ടപ്പന ഗവൺമെന്റ് കോളേജിന്റെ ദുഃസ്ഥിതി

ശ്രീ. ജോസ് കുറ്റ്യാനി: സർ, എന്റെ നിയോജക മണ്ഡലത്തിലെ കട്ടപ്പന ഗവൺമെന്റ് കോളേജിന്റെ ദുഃസ്ഥിതിയെക്കുറിച്ച് ഞാൻ 1980 മുതൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുകയാണ്. ഇതുവരെ അതിന് ന്യായമായ ഒരു പരിഹാരമുണ്ടാക്കാർ കഴിഞ്ഞില്ല. അവിടെ ഉണ്ടായിരുന്ന ദേവസ്വം ബോർഡ് കോളേജിരുപകരം ഗവൺമെന്റ് പുതുതായി അനുവദിച്ച ഒരു കോളേജായിരുന്നു കട്ടപ്പന ഗവൺമെന്റ് കോളേജ്. ഈ കോളേജ് അനുവദിക്കുമ്പോൾ ഒരു സ്പേഷൽ സറിങ്ങ് കമ്മിറ്റി ഉണ്ടാക്കി ഇതിനാവശ്യമായ സ്ഥലവും കെട്ടിടവും, എടുക്കുന്നകാര്യം ആ കമ്മിറ്റിയെ ഏൽപ്പിക്കുമെന്നുള്ള വ്യവസ്ഥയിലാണ് തുടങ്ങിയത്. ഇതുവരെയും അതിനാവശ്യമായ പരിഹാരമുണ്ടാക്കാൻ ആ സ്പേഷൽസറിങ്ങ് കമ്മിറ്റിക്ക് കഴിയാതെ വന്നപ്പോൾ ആ കമ്മിറ്റി പിരിച്ചു പണത്തെകുറിച്ചും, അടിച്ച രസീതിനെകുറിച്ചും വാങ്ങിയ സ്ഥലത്തിനു കാശുകൊടുക്കാതിരുന്ന സാഹചര്യത്തെകുറിച്ചുമൊക്കെ പ്രശ്നങ്ങളുണ്ടായി. അപ്പോൾ സംസ്ഥാന ഗവൺമെന്റും, വിദ്യാഭ്യാസവകുപ്പുമന്ത്രിയും ഇടപെട്ട് ആ സ്ഥലത്തിന് ആവശ്യമായ പണം ഗവൺമെന്റിൽനിന്ന് കൊടുത്ത് സ്ഥലം ഗവൺമെന്റ് ഏറെറടുക്കുകയും ചെയ്തു. ആ കോളേജിന് നാലു ക്ലാസ്സുമുറികളുണ്ടായിരുന്നത് ഇപ്പോൾ മൂന്നുമുറികളുള്ള ഒരു ഷെഡ്ഡായി

LIBRARY ARCHIVES Kerala Legislative Assembly